I/13096/2023

**മുഖ്യ നഗരാസൂത്രകന്റെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തിരുവനന്തപുരം സാങ്കേതിക വിഭാഗം -കൊല്ലം ജില്ല -കൊല്ലം നഗരസഭ -കൊല്ലം ഈസ്റ്റ് വില്ലേജ് -ഇരുനില വാസഗൃഹ നിർമ്മാണം - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു

**ഉത്തരവ് നമ്പർ .LSGD/PD/31266/2023-TCPA2 തീയതി:24-05-2023**

പരാമർശം:

1) കൊല്ലം നഗരസഭ സെക്രട്ടറിയുടെ 18/ 01/ 2023,08/05/2023 എന്നീ തീയതികളിലെ TP 2 / BA / 107/ 20 -21 നമ്പർ കത്തുകൾ
2) കൊല്ലം ജില്ല ടൗൺ പ്ലാനറുടെ 31/01/2023 ലെ TCPKLM/35/2023/C നമ്പർ കത്ത്.
3) കൊല്ലം ജില്ല ടൗൺ പ്ലാനറുടെ 12/05/2023 ലെ TCPKLM/201/2023/C നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ റീ സർവ്വേ നമ്പർ 50/2- ൽ ഉൾപ്പെട്ട 1.66 ആർ സ്ഥലത്ത് 117.56 ച.മീ വിസ്തൃതിയിൽ ഇരുനില വാസഗൃഹം നിർമ്മിക്കുന്നതിന് Sanctioned DTP Scheme for Kadappakkada and Surrounding-ലെ Road widening proposal പാലിക്കാതെ കൊല്ലം നഗരസഭ സെക്രട്ടറിക്ക് അപേക്ഷ നൽകിയിരുന്നു.

കൊല്ലം കോർപ്പറേഷൻ കൗൺസിൽ തീരുമാനപ്രകാരവും പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാനിലും അപേക്ഷകന്റെ പ്ലോട്ടിനോട് ചേർന്നുള്ള റോഡിന് widening proposal നിലവിൽ ഇല്ലാത്തതും കടപ്പാക്കട DTP Scheme ഒഴിവാക്കികൊണ്ടാണ് പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചതെന്നും മേൽ സാഹചര്യത്തിൽ ടി റോഡ് വീതി കൂട്ടൽ നിർദ്ദേശം അംഗീകൃത DTP Scheme for kadappakkada and surrounding എന്ന സ്കീമിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീമതി ഉഷാകുമാരി & ശ്രീമതി ജൂലി എന്നിവരുടെ വാസഗൃഹനിർമ്മാണത്തിനു റോഡ് വൈഡനിങ് പ്രൊപ്പോസൽ പരിഗണിക്കാതെ അനുമതി നൽകുന്നതിനും വേണ്ടി പ്രസ്തുത DTP സ്കീമിലെ പ്രോവിസോ 19 (1) പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസ് അനുമതി ലഭ്യമാക്കുന്നതിലേക്ക് ഉള്ള നടപടി സ്വീകരിക്കണമെന്ന് (സൂചന 1) പ്രകാരം കോർപ്പറേഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

കൊല്ലം നഗരസഭയുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ പ്രസി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും മേൽപ്പടി മാസ്റ്റർ പ്ലാനിൽ . KTCP Act വകുപ്പ് 50 (1) പ്രോവിസോ 2 പ്രകാരം പ്രസ്തുത DTP സ്കീം പുനരവലോകനം ചെയ്യുമ്പോൾ ടി റോഡ് വൈഡനിങ് പ്രൊപ്പോസൽ നിലനിർത്തിയിട്ടില്ലെന്നും ടി കരട് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തികൊണ്ട് സ്കീം റദ്ദ് ചെയ്യുന്നതിനുള്ള proposal ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും ടി

I/13096/2023

സാഹചര്യത്തിൽ മാസ്റ്റർ പ്ലാൻ അംഗീകൃതമാകുന്ന മുറയ്ക്ക് അപേക്ഷകന്റെ പ്ലോട്ടിലെ നിർമ്മാണത്തിന് മാസ്റ്റർപ്ലാനും കെട്ടിടനിർമ്മാണചട്ടങ്ങളും മാത്രമാണ് ബാധകമാകുന്നത് എന്നും ആയതിനാൽ പ്രസ്തുത സ്ഥലത്ത് നിലവിലുള്ള അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരവും പ്രസിദ്ധീകരിച്ച കരട് മാസ്റ്റർ പ്ലാൻ പ്രകാരവും ടി നിർമ്മാണം അനുവദനീയവും പ്ലോട്ടിനെ abutt ചെയ്യുന്ന റോഡിന്റെ വീതി കൂട്ടൽ നിർദേശം ഇല്ലായെന്നും കൊല്ലം ജില്ലാ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്യുകയും ആയതിനാൽ DTP സ്കീമിലെ പ്രൊവിസോ 19 (I) പ്രകാരം പരാമർശിത നിർമ്മാണം ഉൾപ്പെടുന്ന പ്ലോട്ടിനെ abutt ചെയ്യുന്ന റോഡിന്റെ വീതി കൂട്ടൽ നിർദേശം ഒഴിവാക്കി കൺകറൻസ് അനുവദിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിച്ച് കൊണ്ട്. കെട്ടിടനിർമ്മാണച്ചട്ടങ്ങൾ ഉൾപ്പെടെ ബാധകമായ മറ്റ് നിയമങ്ങളും, ചട്ടങ്ങളും പാലിക്കണമെന്ന നിബന്ധനയോടെ, " D.T.P Scheme for Kadappakkada and Surroundings"-ലെ Paragraph 19(1) പ്രകാരം ടി സ്കീമിൽ നിന്നും പ്രസ്തുത റോഡ് വൈഡനിങ് പ്രൊപ്പോസൽ ഒഴിവാക്കിക്കൊണ്ട് റോഡ് വീതി കൂട്ടൽ പരിഗണിക്കാതെ പ്രസ്തുത വാസഗൃഹനിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ തീരുമാനത്തിന് ചീഫ് ടൗൺ പ്ലാനറുടെ concurrence നൽകി ഉത്തരവാകുന്നു.

Signed by
Pramodkumar C P
Date: 24-05-2023 06:29:09

Pramodkumar C P
CHIEF TOWN PLANNER

ഉള്ളടക്കം:ഒരു സെറ്റ് പ്ലാൻ
സെക്രട്ടറി.കൊല്ലം നഗരസഭ
കൊല്ലം.

പകർപ്പ് :
1. ശ്രീമതി .ഉഷാകുമാരി /ശ്രീമതി .ലില്ലി, ലില്ലി ഭവൻ ,എറം .തടിക്കാട് പി .ഒ, അഞ്ചൽ ,കൊല്ലം
2. ജില്ലാ നഗരാസൂത്രകൻ,കൊല്ലം
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം